പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1192 30.09.2016-ലെ മറുപടിക്ക്

## കാസർഗോഡ് ഡിപ്പോയിലെ ജീവനക്കാരുടെ ഒഴിവുകൾ

ചോദ്യം

ശ്രീ. എൻ.എ നെല്ലിക്കുന്ന്

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. കാസർ ഗോഡ് ഡിപ്പോയിൽ ഡ്രൈവർ മാരുടെയും കണ്ടക്ടർമാരുടെയും എത്ര തസ്തികകളുണ്ടെന്നും ഈ തസ്തികകളിൽ എത്ര ഒഴിവുകളു ണ്ടെന്നും പ്രസ്തുത ഒഴിവുകൾ എത്രകാലമായി തുടരുന്നുവെന്നും അത് നികത്തപ്പെടാത്തതിന്റെ കാര ണമെന്താണെന്നും ഒഴിവുകൾ എപ്പോൾ നികത്താനാണുദ്ദേശിക്കു ന്നതെന്നും വ്യക്തമാക്കുമോ; | (എ) | കാസർഗോഡ് ഡിപ്പോയിൽ 245 വീതം ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും തസ്തികകൾ ഉണ്ട്. നിലവിൽ 220 കണ്ടക്ടർ മാരും, 221 ഡ്രൈവർമാരും ആണ് ഉള്ളത്. കഴിഞ്ഞ ഒരു മാസമായി 25 കണ്ടക്ടർമാരു ടെയും 24 ഡ്രൈവർമാരുടെയും കുറവുണ്ട്. പി.എസ്.സി.യിൽ നിന്നും ഉദ്യോഗാർത്ഥികളു ടെ നിയമന ശിപാർശ പട്ടിക ലഭ്യമാകുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. |
| (ബി) | കണ്ടക്ടർമാരും ഡ്രൈവർമാരും അവധിയെടുത്താൽ ഏർപ്പെടുത്തു ന്ന ബദൽ സംവിധാനം എന്താണെ ന്ന് വിശദീകരിക്കാമോ; | (ബി) | കണ്ടക്ടർമാരും ഡ്രൈവർമാരും അവധിയെ ടുത്താൽ ലഭ്യമായ എംപാനൽ ലിസ്റ്റിൽ നിന്നും കണ്ടക്ടർമാരെയും ഡ്രൈവർമാരെ യും നിയോഗിക്കും. കൂടാതെ, പകരം ജീവനക്കാരുടെ അഭാവത്തിൽ പ്രസ്തുത സർവ്വീസുകൾ ഓവർടൈം ചെയ്യാൻ സന്നദ്ധരായ ജീവനക്കാരെ നിയോഗിച്ചാണ് സർവ്വീസ് ഓപ്പറേറ്റ് ചെയ്തു വരുന്നത്. ഇങ്ങനെ ഓവർടൈം ചെയ്യാൻ ജീവനക്കാരെ ലഭിക്കാത്ത സാഹചര്യത്തിൽ കളക്ഷനും റൂട്ടിൽ പ്രാധാന്യവും കണക്കിലെടുത്തു മുൻഗണന ക്രമത്തിൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| (സി) | സുള്ള്യയിൽ നിന്ന് പുലർച്ചെ 5.15 നു പുറപ്പെട്ട് കാസർഗോഡ് 6.45 നു എത്തേണ്ട കാസർഗോഡ് ഡിപ്പോയിലെ ബസ്, കണ്ടക്ടറുടെ വിവാഹം മൂലം രണ്ട് ദിവസം ഓടിയില്ലെന്നുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വാർത്ത വസ്തുതാപരമാണ് എങ്കിൽ ഈ സംഭവത്തിൽ കൃത്യവിലോപം നടന്നിട്ടുണ്ടോ എന്ന് പരിശോധിച്ച് എന്ത് നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ഉണ്ട്.<br>പ്രസ്തുത ഷെഡ്യൂൾ പോകുന്ന കണ്ടക്ടറുടെ വിവാഹത്തോടനുബന്ധിച്ച് ടിയാൻ 15 ദിവസം അവധിയിലായിരുന്നു. പ്രസ്തുത ദിവസങ്ങളിൽ ഓണം അവധി പ്രമാണിച്ച് എറണാകുളത്തേയ്ക്ക് 18:30 മണിയ്ക്ക് ഒരു സർവ്വീസ് ഓപ്പറേറ്റ് ചെയ്തു വന്നിരുന്നതിനാലും മേൽ ഷെഡ്യൂൾ ഓവർടൈം ആയി പോകുവാൻ മറ്റു കണ്ടക്ടർമാർ ആരേയും കിട്ടാത്തതിനാലും ആണ് രണ്ടു ദിവസം പ്രസ്തുത ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്യാൻ സാധിക്കാത്തത്. മേൽ സംഭവത്തിൽ കൃത്യവിലോപനം ഒന്നുംതന്നെ നടന്നിട്ടില്ല. |
| (ഡി) | കാസർഗോഡ് ഡിപ്പോയിൽ നിന്നും നിലവിൽ എത്ര സർവ്വീസുകളാണു നടത്തുന്നത്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ ബസ്സുകൾ കാസർഗോഡ് ഡിപ്പോയിലേക്കു അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ബസ്സുകൾ ഏത് റൂട്ടിലാണു സർവ്വീസ് നടത്തുന്നത്; വ്യക്തമാക്കാമോ? | (ഡി) | കെ.എസ്.ആർ.ടി.സി 89 ഷെഡ്യൂളുകൾ നടത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ടെങ്കിലും പ്രതിദിനം ശരാശരി 84 ഷെഡ്യൂളുകൾ വരെ മാത്രമേ കാസർഗോഡ് ഡിപ്പോയിൽ നിന്നും സർവീസ് നടത്തുന്നുള്ളൂ. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിലുള്ള ഇന്റർ സ്റ്റേറ്റ് ബസുകൾ മാറ്റുന്നതിന് 6 പുതിയ ഓർഡിനറി ബസുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് - മംഗലാപുരം സെക്ടറിലെ ബസുകൾ മാറ്റുന്നതിനാണ് ഇവ നല്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ